## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4609 23/07/2015-ൽ മറുപടിക്ക്

## എളനാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽ ഉൾപ്പെടുത്താവുന്ന പരമാവധി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് പറയാമോ; | (എ) പരമാവധി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് നിശ്ചയിച്ചിട്ടില്ല. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ കീഴിൽ ഉള്ള ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി; (25000 ഉപഭോക്താക്കൾ / 50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ / 100 ചതുരശ്ര കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചു വരുന്നത്. |
| (ബി) ചേലക്കര മണ്ഡലത്തിലെ ചേലക്കര, പഴയന്നൂർ സെക്ഷൻ ഓഫീസുകൾക്കു കീഴിൽ എച്ച്.ടി., എൽ.ടി. വിഭാഗങ്ങളിൽപ്പെട്ട എത്ര ഉപഭോക്താക്കൾ ഉണ്ട്; | (ബി) ചേലക്കര സെക്ഷൻ ഓഫീസിന്റെ കീഴിൽ എച്ച് റ്റി വിഭാഗത്തിൽ **5** ഉപഭോക്താക്കളും എൽ റ്റി വിഭാഗത്തിൽ **24327** ഉപഭോക്താക്കളും ഉണ്ട്. പഴയന്നൂർ സെക്ഷൻ ഓഫീസിന്റെ കീഴിൽ എച്ച് റ്റി വിഭാഗത്തിൽ **4** ഉപഭോക്താക്കളും എൽ റ്റി വിഭാഗത്തിൽ **15332** ഉപഭോക്താക്കളും ഉണ്ട്. |
| (സി) ചേലക്കര മണ്ഡലത്തിൽ പുതുതായി എളനാട് ഗ്രാമപഞ്ചായത്ത് രൂപീകരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം എളനാട് കേന്ദ്രമാക്കി ഒരു പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) എളനാട് പഞ്ചായത്തിൽ നിലവിലുള്ള സബ് എഞ്ചിനിയർ ഓഫീസ്, സെഷൻ ഓഫീസായി ഉയർത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ടി വിഷയം പ്രസ്തുത മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**